## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3107** **07.02.2018-ലെ മറുപടിക്ക്**

**'തൃക്കരിപ്പൂർ മണ്ഡലത്തിലെ തിമിരി ഭൂപ്രശ്നം'**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം.രാജഗോപാലൻ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ തിമിരി ഭൂപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കാലതാമസം വരുന്നതെന്തുകൊണ്ടാണ്; | (എ) യും (ബി) യും (സി) യും | കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിൽ 600-ൽപ്പരം പേർക്ക് മിച്ചഭൂമി പതിച്ച നൽകിയിരുന്നു. ഇവരിൽ ഭൂരിഭാഗം പേരും പതിച്ച കിട്ടിയ ഭൂമിയിൽ താമസിച്ച് അനുഭവങ്ങൾ ഉണ്ടാക്കി വരുന്നുവെങ്കിലും സാമ്പത്തിക പ്രയാസം മൂലം ഏതാനും ആളുകൾ പതിച്ച കിട്ടിയ ഭൂമി കൈമാറ്റം ചെയ്യുതിരുന്നു. ഇത്തരം കൈമാറ്റങ്ങൾ മിച്ചഭൂമി പതിവ് വ്യവസ്ഥകൾക്ക് നിശ്ചയിച്ച കാലപരിധിക്ക് മുമ്പ് ആയതിനാൽ ഭൂനികുതി സ്വീകരിച്ച വന്നിരുന്നില്ല. അത്തരക്കാരുടെ അപേക്ഷ പരിഗണിച്ച് കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട കള്ളാർ, പനത്തടി, ബളാൽ, മാലോത്ത് എന്നീ വില്ലേജുകളിൽ പതിച്ച നൽകിയിരുന്ന മിച്ചഭൂമി, കാലാവധിക്ക് മുമ്പ് കൈമാറ്റം ചെയ്ത 129 കേസ്സുകളിലും, തിമിരി വില്ലേജിൽ 83 കേസ്സുകളിലും കാലാവധിക്കു മുമ്പുള്ള കൈമാറ്റം സാധൂകരിച്ച് ഉത്തരവായിരുന്നു.<br>നിലവിൽ തിമിരി വില്ലേജിൽ റീ സർവ്വേ 59/1-ൽപ്പെട്ട മിച്ചഭൂമിയുടെ അകാലകൈമാറ്റം സാധൂകരിക്കുന്നതിനായി 132 അപേക്ഷകളിൽ, ഭൂമി നിലവിൽ കൈവശം വച്ച് വരുന്നവരുടെ അർഹത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) | പകുതിയോളം പേർക്ക് നേരത്തെ ഭൂമി നൽകിയ അതേ വ്യവസ്ഥ പ്രകാരം തുടർന്നും മറ്റുള്ളവർക്ക് ഭൂമി നൽകാൻ കാലതാമസം ഉണ്ടാകുന്നത് പരിശോധിക്കുമോ; | | |
| (സി) | മിച്ച ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം 12 വർഷത്തെ നിയമാനുസൃത കാലാവധി കഴിഞ്ഞിട്ടും ഈ വിഭാഗങ്ങൾക്ക് നീതി കിട്ടാത്തത് എന്തു കൊണ്ടെന്ന് വിശദീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**